"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ്-കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് കീഴിൽ വിവിധ ഏജൻസികൾ നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലുകൾ BDS മുഖേന തീർപ്പാക്കുന്നതിന് പദ്ധതിവിഹിതത്തിൽ നിന്നും തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.167/2026/CLAD തീയതി, തിരുവനന്തപുരം, 25-02-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം.284/2025/സാം.കാ.വ. തീയതി 20.05.2025
2. സ.ഉ.(സാധാ) നം.355/2025/സാം.കാ.വ. തീയതി 24.06.2025
3. സ.ഉ.(സാധാ) നം.540/2025/സാം.കാ.വ. തീയതി 19.09.2025
4. സ.ഉ.(സാധാ)നം.620/2025/സാം.കാ.വ. തീയതി 29.10.2025
5. സ.ഉ.(സാധാ) നം. 53/2026/സാം.കാ.വ. തീയതി 21.01.2026
6. സ.ഉ.(സാധാ) നം.61/2026/സാം.കാ.വ. തീയതി 22.01.2026
7. സ.ഉ.(സാധാ) നം.68/2026/സാം.കാ.വ. തീയതി 28.01.2026
8. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 31.01.2026 തീയതിയിലെ 5486/A2/2024/കെ.എസ്.എഫ്.ഡി.സി. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ 2025-26 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം "4202-04-190-99-01 (പ്ലാൻ)" എന്ന ശീർഷകത്തിൽ 19,50,00,000/- രൂപയായി (പത്തൊൻപത് കോടി അമ്പത് ലക്ഷം രൂപ മാത്രം) നിജപ്പെടുത്തി നിർവ്വഹിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത വിഹിതത്തിൽ നിന്നും പരാമർശം (2) പ്രകാരം ആദ്യ ഗഡുവായി 1,25,00,000/- (ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

**2.** പരാമർശം (3) പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ പദ്ധതിവിഹിതം 18,05,00,000/- രൂപയായി (പതിനെട്ട് കോടി അഞ്ച് ലക്ഷം രൂപ മാത്രം) നിജപ്പെടുത്തിക്കൊണ്ട് നിർവ്വഹിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും പരാമർശം (4),(6) എന്നിവ പ്രകാരം രണ്ടാം ഗഡുവായി 3,00,00,000/- കോടി രൂപയും (മൂന്ന് കോടി രൂപ മാത്രം) മൂന്നാം ഗഡുവായി 50,00,000/- രൂപയും (അമ്പത് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**3.** കണ്ണൂർ പാലയാട് തീയേറ്റർ സമുച്ചയത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി 50 ലക്ഷം രൂപ ഉൾപ്പെടുത്തി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ 2025-26 സാമ്പത്തികവർഷത്തെ ഭരണാനുമതി ഉത്തരവ് പരാമർശം (5) പ്രകാരം പുതുക്കുകയും ടി തുക പരാമർശം (7) പ്രകാരം കെ.എസ്.എഫ്.ഡി.സി.-യ്ക്ക് അനുവദിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് കീഴിൽ വിവിധ ഏജൻസികൾ നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലുകൾ BDS മുഖേന തീർപ്പാക്കുന്നതിന് പദ്ധതിവിഹിതത്തിൽ നിന്നും തുക

അനുവദിക്കണമെന്ന് പരാമർശം (8) പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

4. സർക്കാര്യം ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് കീഴിൽ വിവിധ ഏജൻസികൾ നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലുകൾ BDS മുഖേന തീർപ്പാക്കുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ 2025-26 സാമ്പത്തിക വർഷത്തെ "4202-04-190-99-01 (പ്ലാൻ)" എന്ന പദ്ധതി ശീർഷകത്തിൽ നിന്നും 3,78,08,000/- രൂപ (മൂന്ന് കോടി എഴുപത്തിയെട്ട് ലക്ഷത്തി എട്ടായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. പ്രസ്തുത തുക കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള 799012700000507 എന്ന പി.എസ്.ടി.എസ്.ബി. അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന മേധാവി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന മേധാവി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രം, വിശദമായ ചെലവ് വിവരം, പ്രതീക്ഷിത ചെലവ് വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

6. ഇതോടൊപ്പം ചുവടെ ചേർക്കുന്ന ഫണ്ട് റിലീസ് വ്യവസ്ഥകളും കർശനമായി പാലിക്കേണ്ടതാണ്.

i. 16/04/2018-ലെ സ.ഉ.(പി) 62/18/ധന. ഉത്തരവിലെ വ്യവസ്ഥയ്ക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.
ii. 09/12/08-ലെ സർക്കുലർ നമ്പർ 84/2008/ധന.-യും 30/01/18-ലെ സർക്കുലർ നമ്പർ 08/2018/ധന. ഉത്തരവിലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.
iii. അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ.ഉ.(കൈ) നം. 04/2020/ധന. പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധനവകുപ്പിന് സമർപ്പിക്കേണ്ടതാണ്.
iv. 11/06/2018-ലെ സ.ഉ.88/18/ധന.-യിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.
v. ഭാവിയിൽ ഫണ്ട് റിലീസിനായി ഫയൽ ധനവകുപ്പിന് സമർപ്പിക്കുമ്പോൾ ബാങ്ക് അക്കൗണ്ടിലെ ബാലൻസ് സംബന്ധിച്ച ഡിക്ലറേഷൻ, പാസ് ബുക്കിന്റെ പകർപ്പ് എന്നിവ കർശനമായും നൽകേണ്ടതാണ്.
vi. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (3178082/PU-C2/116/2025-FIN Dated 20.02.2026)
കരുതൽ ഫയൽ (A3/94/2025-CLAD-Part(1) )

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 25-02-2026 15:13:47